(1)	(2)	(3)
തൃശ്ശൂർ	3	10,172
പാലക്കാട്	3	4,295
മലപ്പുറം	5	8,733
കോഴിക്കോട്	3	26,347
വയനാട്	1	1,506
കണ്ണൂർ	2	3,098
കാസർഗോഡ്	1	1,506
ആകെ	32	1,07,198

(ജി) ഓരോ വയോമിത്രം യൂണിറ്റിലും ഓരോ കോർഡിനേറ്റർ, സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ, ഡോക്ടർ എന്ന ക്രമത്തിലാണ് ഉദ്യോഗസ്ഥ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. പ്രോജക്ടിന്റെ പൂർണ്ണ ചുമതല കോർഡിനേറ്റർക്കാണ് നൽകിയിട്ടുള്ളത്. വയോമിത്രം പദ്ധതിയുടെ നടത്തിപ്പിന് കോട്ടം തട്ടാത്തവിധം സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന മറ്റ് പദ്ധതി പ്രവർത്തനങ്ങൾക്കും വയോമിത്രം കോർഡിനേറ്റർമാരുടെ സേവനം വിനിയോഗിക്കാറുണ്ട്.

വയോമിത്രം പദ്ധതി ആവിഷ്കരിച്ച മുനിസിപ്പാലിറ്റികൾ

220 (7519) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വയോമിത്രം' പദ്ധതി ആരംഭിച്ച പുതിയ മുനിസിപ്പാലിറ്റികൾ ഏതെല്ലാമാണ് ; ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ മുനിസിപ്പാലിറ്റികളെ തെരഞ്ഞെടുത്തത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്ത് തലത്തിൽ വൃദ്ധജനക്ഷേമത്തിനായി ഏതൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയോമിത്രം പദ്ധതി ആരംഭിച്ച മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ എന്നിവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. പത്തനംതിട്ട
2. ആലപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

3. കോട്ടയം
4. തൊടുപുഴ
5. എറണാകുളം
6. തൃശ്ശൂർ
7. പാലക്കാട്
8. മലപ്പുറം
9. വയനാട്
10. കോഴിക്കോട്
11. കണ്ണൂർ
12. കാസർഗോഡ്
13. നെയ്യാറ്റിൻകര
14. കരുനാഗപ്പള്ളി
15. ചേർത്തല
16. അങ്കമാലി
17. ചാവക്കാട്
18. ഷൊർണ്ണൂർ
19. തിരൂർ
20. കൊയിലാണ്ടി
21. മട്ടന്നൂർ
22. നിലമ്പൂർ
23. പാല
24. അടൂർ
25. മരട്
26. ചാലക്കുടി
27. കോട്ടയ്ക്കൽ
28. മഞ്ചേരി
29. വടകര
30. ചിറ്റൂർ

വയോമിത്രം പദ്ധതിക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുവാൻ തയ്യാറുള്ള മുനിസിപ്പാലിറ്റികൾക്കാണ് പദ്ധതി അനുവദിക്കുന്നത്.

(ബി) വയോജനങ്ങളുടെ മാനസികോല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനും സാമൂഹ്യസുരക്ഷിതത്വത്തിനും ഊന്നൽ നൽകിക്കൊണ്ട് വയോജനങ്ങൾക്ക് ഒത്തുകൂടുന്നതിനായി 16-11-2013 ലെ സ.ഉ.(എം‌എസ്.) നമ്പർ 362/2013/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് പകൽ വീടുകളും വൃദ്ധസദനങ്ങളും സ്ഥാപിക്കാവുന്നതാണ്. പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ 5% വികലാംഗരുടെയും വൃദ്ധരുടെയും കുട്ടികളുടെയും ക്ഷേമത്തിനായി മാറ്റിവച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ ഡേ കെയർ സെന്ററും ഓരോ ബ്ലോക്ക് പഞ്ചായത്തിലും കമ്മ്യൂണിറ്റി ഡേ കെയർ സെന്ററുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി മുതിർന്ന പൗരന്മാർക്കുള്ള സംസ്ഥാന നയം 2013 വിഭാവനം ചെയ്യുന്നുണ്ട്.

ആശ്വാസ കിരണം പദ്ധതി

221 (7520) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്വാസകിരണം പദ്ധതിപ്രകാരം എത്ര ഗുണഭോക്താക്കളാണുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ആശ്വാസകിരണം പദ്ധതിപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ ;

(സി) ആശ്വാസകിരണം പദ്ധതിപ്രകാരം ഏതുമാസംവരെയുള്ള തുകയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കുടിശ്ശികത്തുക എന്ന് നൽകാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 57,570 ഗുണഭോക്താക്കളാണുള്ളത്.

(ബി) ഗുരുതരമായ മാനസിക/ശാരീരിക വെല്ലുവിളി നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി, ഓട്ടിസംമൂലം അവശതയുള്ളവർ, പലവിധ കാരണങ്ങളാൽ ശയ്യാവലംബരായവർ തുടങ്ങി അവശത അനുഭവിക്കുന്നവരെ മുഴുവൻ സമയവും പരിചരിക്കുന്നവർക്കുള്ള ധനസഹായ പദ്ധതിയാണ് ആശ്വാസകിരണം. ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപയും നഗര പ്രദേശങ്ങളിൽ 22,375 രൂപയും വാർഷിക കുടുംബവരുമാനം ഉള്ളവർക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.

(സി) 2014 ഏപ്രിൽ മാസം വരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കുടിശ്ശിക തുക 2014 ജൂലൈ മാസം തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly